## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3885 24/08/2017- ൽ മറുപടിയ്ക്ക്

**പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി.കെ.ആശ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| (എ) | പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏതൊക്കെ രോഗങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങൾക്കും മറ്റ് ഗുരുതരമായ രോഗങ്ങൾക്കും ദീർഘകാല ചികിത്സ വേണ്ടിവരുന്ന രോഗങ്ങൾക്കും ധനസഹായം അനുവദിക്കുന്നു. |
| (ബി) | തീപിടിത്തം, പ്രകൃതിക്ഷോഭം എന്നിവ മൂലം വസ്തുവകകൾക്ക് നാശനഷ്ടമുണ്ടാകുന്ന കേസുകളിൽ ധനസഹായത്തിനായി അപേക്ഷയോടൊപ്പം എന്തൊക്കെ രേഖകൾ ഹാജരാക്കണമെന്ന് അറിയിക്കുമോ? | (ബി) | അപേക്ഷകന്റെ ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ,ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രസ്തുത വകയിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം. നാശനഷ്ടം സംബന്ധിച്ച് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/ തഹസീൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം. |

സെക്ഷൻ ഓഫീസർ